പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 872 — 30/01/2019 ൽ മറുപടിക്ക്

## കന്നുകാലികളുടെ എണ്ണത്തിലെ കുറവ്

ചോദ്യം

**ശ്രീ.പാറക്കൽ അബ്ദുല്ല:**

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കന്നുകാലികളുടെ എണ്ണം കുറയുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ; | എ) | പരിശോധിച്ചുവരുന്നു. |
| ബി) | 2003-ൽ 21.22 ലക്ഷം കന്നുകാലികൾ ഉണ്ടായിരുന്ന സ്ഥാനത്ത് 2012-ലെ സെൻസസ് പ്രകാരം അത് 13.29 ലക്ഷമായി കുറഞ്ഞതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. സംസ്ഥാനത്ത് 2003 ൽ 21.22 ലക്ഷം കന്നുകാലികൾ ഉണ്ടായിരുന്നത് 2007 ലെ സെൻസസ് പ്രകാരം 17.40 ലക്ഷം കന്നുകാലികളായി കുറയുകയും 2012 -ലെ സെൻസസ് പ്രകാരം 13.29 ലക്ഷം കന്നുകാലികളായി വീണ്ടും കുറയുകയും ചെയ്തിട്ടുണ്ട്. |
| സി) | എങ്കിൽ പ്രസ്തുത കുറവ് പരിഹരിക്കുന്നതിനായി നാടൻ ജനുസുകളുടെ കൂടുതൽ കിടാവുകളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉൽപാദിപ്പിക്കുന്നതിന് ഭ്രൂണമാറ്റ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | | (സി)യും (ഡി)യും<br>നാടൻ ജനുസുകളുടെ കൂടുതൽ കിടാവുകളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉൽപാദിപ്പിക്കുന്നതിന് ഭ്രൂണമാറ്റ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന ഒരു പദ്ധതിക്ക് കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ആഭിമുഖ്യത്തിൽ രൂപം നൽകിയിട്ടുണ്ട്. നാടൻ ജനുസ്സുകളായ വെച്ചൂർ, സഹിവാൾ എന്നിവയിൽ നിന്നും കൂടുതൽ കുട്ടികളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉൽപാദിപ്പിക്കുന്നതിനായി ഭ്രൂണമാറ്റ പദ്ധതി |
| ഡി) | എങ്കിൽ പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;ഏതു സ്ഥാപനത്തിനാണ് | | |

| | | |
|---|---|---|
| | ഇതിന്റെ പ്രവർത്തന ചുമതല; പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ? | കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയിൻ കീഴിൽ കെ.എൽ.ഡി.ബോർഡ് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം മൂന്ന് വർഷത്തിനുള്ളിൽ ( 2018-2021 ) 130 കന്നുകട്ടികളെ ഭ്രൂണമാറ്റ പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്നതാണ്. പദ്ധതിയുടെ ആകെ അടങ്കൽ തുക 2.48 കോടി രൂപയാണ്. പദ്ധതി 2018 ഡിസംബർ മാസം മുതൽ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ